'ഭരണഭാഷ – മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് – സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ, കേന്ദ്ര-സംസ്ഥാന/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയ്ക്ക് സർക്കാർ നൽകുന്ന സുരക്ഷ/മറ്റ് സേവനങ്ങൾ എന്നിവയുടെ ബിൽ ഓഫ് കോസ്റ്റ് കുടിശ്ശികയ്ക്ക് ഈടാക്കേണ്ടുന്ന പലിശ നിരക്കുകൾ നിശ്ചയിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ്-ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (വ്യയം-എ) വകുപ്പ്**

**സ.ഉ.(അച്ചടി) നം.62/2026/ധന.** **തീയതി, തിരുവനന്തപുരം, 06.05.2026**

---

പരാമർശം : 1. സ.ഉ.(അച്ചടി) നം.12/2024/ധന തീയതി, 22.02.2024.
2. സംസ്ഥാന പോലീസ് മേധാവിയുടെ 03.12.2025-ലെ B5-222879/2024/PHQ നമ്പർ കത്ത്.

**ഉത്തരവ്**

സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ, കേന്ദ്ര-സംസ്ഥാന/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയ്ക്ക് സർക്കാർ നൽകുന്ന സുരക്ഷ/മറ്റ് സേവനങ്ങളുടെ ബിൽ ഓഫ് കോസ്റ്റ് കുടിശ്ശികയ്ക്ക് ഈടാക്കേണ്ടുന്ന പലിശ നിരക്കുകൾ നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സംസ്ഥാന വ്യവസായ സുരക്ഷാ സേന സുരക്ഷ നൽകി വരുന്ന സ്ഥാപനങ്ങളിൽ നിന്നും ബിൽ ഓഫ് കോസ്റ്റ് തുക ഒടുക്കുന്നതിൽ വീഴ്ച സംഭവിക്കുമ്പോൾ ഈടാക്കേണ്ട പലിശ സംബന്ധിച്ച് മേൽ ഉത്തരവിലെ ചില കാര്യങ്ങളിൽ സ്പഷ്ടീകരണം ലഭ്യമാക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവ് താഴെ പറയുന്ന പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിൽ ഓഫ് കോസ്റ്റ് ഡിമാന്റ് കൈപ്പറ്റി പത്ത് ദിവസത്തിനകം തുക ഒടുക്കണം. ആയത് അടയ്ക്കാൻ വീഴ്ചവരുത്തുന്ന പക്ഷം ആറ് മാസം വരെ 2% നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്. ഈ ഉത്തരവ് തീയതിയ്ക്ക് മുൻപ് ഉണ്ടാക്കിയിട്ടുള്ള കരാറുകളിൽ പരമാവധി ഒരു വർഷം അല്ലെങ്കിൽ നിലവിലുള്ള കരാർ തീരുന്നത് വരെ ഏതാണോ ആദ്യം അതുവരെ നിലവിലുള്ള കരാർ പ്രകാരമുള്ള നിരക്കുകൾ തുടരാവുന്നതുമാണ്.

3. മേൽ ഭേദഗതിയോടെ പരാമർശം (1)-ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഗീത എം.**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:
1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
3. സംസ്ഥാന പോലീസ് മേധാവി, കേരളം
4. ഡയറക്ടർ, ട്രഷറി വകുപ്പ്
5. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
6. പൊതുമേഖലാ സ്ഥാപന മേധാവികൾ
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. ഓഫീസ് കോപ്പി/കരുതൽ ഫയൽ (E.2947198)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ